# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: **9846720402**

പി.ആർ.ഒ/35/268/2016 പത്രക്കുറിപ്പ് 2016 **ഡിസംബർ 17**

**പരീക്ഷാതീയതി**

മൂന്നാം സെമസ്റ്റർ എം.എ/എം.എസ്‌സി/എം.സി.ജെ/എം.എം.എച്ച്/എം.എസ്.ഡബ്ല്യൂ/എം.റ്റി.എ(സി.എസ്.എസ് 2015 അഡ്മിഷനു മുൻപുള്ള സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക്) അപേക്ഷകൾ പിഴയില്ലാതെ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 22 ആയി നിശ്ചയിച്ചു. പരീക്ഷകൾ 2017 ജനുവരി 4 ന് ആരംഭിക്കും. അപേക്ഷകർ 150 രൂപ സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടയ്ക്കണം. അപേക്ഷകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർക്ക് നേരിട്ട് സമർപ്പിക്കണം. 2015 അഡ്മിഷനു മുൻപുള്ള എം.കോം (സി.എസ്.എസ്) മൂന്നാം സെമസ്റ്റർ പരീക്ഷകൾക്കുള്ള അപേക്ഷാ തിയതി പിന്നീട്

**പരീക്ഷാഫലം**

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ ഇക്കണോമിക്സ് സി.എസ്.എസ് (റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്), നോൺ സി.എസ്.എസ്(2012 ന് മുൻപുള്ള സപ്ലിമെന്ററി)/എം.എ ഇംഗ്ലീഷ് സി.എസ്.എസ്(റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) നോൺ സി.എസ്.എസ്/എം.എസ്.ഡബ്ല്യൂ(റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു ഫലം സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. സൂക്ഷ്മപരിശോധനയ്ക്കും പുന:പരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ജനുവരി 3 വരെ സ്വീകരിക്കും.

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ സംസ്കൃതം സ്പെഷ്യൽ (ന്യായ, വേദാന്ത, വ്യാകരണ, സാഹിത്യ)/എം.എ ഹിസ്റ്ററി (സി.എസ്.എസ്/നോൺ സി.എസ്.എസ്)പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുന:പരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 31 വരെ സ്വീകരിക്കും.

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി. ഇലക്ട്രോണിക്സ് (പി.ജി.സി.എസ്.എസ് (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി/2012 ന് മുൻപുള്ള അഡ്മിഷൻ നോൺ സി.എസ്.എസ് സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.സൂക്ഷ്മപരിശോധനയ്ക്കും പുന:പരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 31 വരെ സ്വീകരിക്കും.

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി. ടെക്സ്റ്റൈൽസ് ആന്റ് ഫാഷൻ (പി.ജി.സി.എസ്.എസ് റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.സൂക്ഷ്മപരിശോധനയ്ക്കും പുന:പരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 31 വരെ സ്വീകരിക്കും.

2016 ജൂലായ് ആഗസ്റ്റ് മാസങ്ങളിൽ നടത്തിയ ഒന്ന്,രണ്ട്,നാല്, അഞ്ച് സെമസ്റ്റർ ബി.എസ്‌സി. ഐ.റ്റി (മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുന:പരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 30 വരെ സ്വീകരിക്കും.

**എം.ജി : അഞ്ചു ദിവസത്തെ ഇൻഡോ – യു.കെ സംയുക്ത ജലശുദ്ധീകരണ ശില്പശാല സമാപിച്ചു.**
മഹാത്മാഗാന്ധി സർവ്വകലാശാല സ്ക്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ അഞ്ചുദിവസമായി നടന്നു വന്ന ഇൻഡോ–യു.കെ സംയുക്ത ശില്പശാലയ്ക്ക് സമാപനം. ഇന്ത്യയിലേയും ബ്രിട്ടനിലേയും മുപ്പതിലധികം ശാസ്ത്രജ്ഞർ ശില്പശാലയിൽ പങ്കെടുത്തു. ജലത്തിന്റെ ശുദ്ധത ഉറപ്പാക്കുന്ന പുതിയ പ്രൊജക്റ്റുകൾ, കയർ നിർമ്മിത ഉല്പന്നങ്ങളുടെ ശുദ്ധീകരണ സാധ്യതകൾ, നാനോ സെൻസറുകൾ ഉപയോഗിച്ച് ജലമാ

ലിന്യം കണ്ടെത്തുക തുടങ്ങിയ വിഷയങ്ങൾ ശില്പശാല ചർച്ച ചെയ്തു. ശില്പശാലയിലെ ആശയങ്ങൾ ക്രോഡീകരിക്കുന്നതിനായി പ്രൊഫ : സാബുതോമസ് (ഐ.ഐ.യു.സി.എൻ.എൻ ഡയറക്ടർ) ഡോ : ആർ.റ്റി. ദുരൈ പ്രഭാകർ (ബാങ്കോർ യൂണിവേ്സിറ്റി, യു.കെ) എന്നിവരെ ചുമതലപ്പെടുത്തി.

**ഏകദിന ദേശീയസെമിനാർ നടത്തി**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റീസ് സ്റ്റഡീസും അലൻ റ്റി 21 ട്രെസ്റ്റും, ഡൗൺസിൻഡ്രോം ഫെഡറേഷൻ ഓഫ് ഇന്ത്യയും സംയുക്തമായി നടത്തിയ ഏകദിന ദേശീയ സെമിനാർ സംസ്ഥാന വികലാംഗ കോർപ്പറേഷൻ ചെയർമാൻ അഡ്വ : പരശുവായ്ക്കൽ പി. മോഹനൻ ഉദ്ഘാടനം ചെയ്തു. സർവ്വകലാശാല പ്രൊ. വൈസ് ചാൻസിലർ ഡോ : ഷീന ഷുക്കൂർ അദ്ധ്യക്ഷത വഹിച്ചു. ഡോ : മുഹമ്മദ് അഷീൽ മുഖ്യപ്രഭാഷണവും ഡോ : സുരേഖ രാമചന്ദ്രൻ വിഷയാവതരണവും നടത്തി. ഡോ : എം.കെ ജയരാജ്. ഡോ : ഷാജി തോമസ്സ് ജോൺ, രാജശ്രീ എസ്, ഡോ : സജി ജോർജ്ജ്, ഡോ : പി.റ്റി ബാബുരാജ്. റിൻസിജോസഫ് എന്നിവർ പങ്കെടുത്തു.

**അടിക്കുറുപ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റീസ് സ്റ്റഡീസും അലൻ റ്റി 21 ട്രെസ്റ്റും, ഡൗസിൻഡ്രോം ഫെഡറേഷൻ ഓഫ് ഇന്ത്യയും സംയുക്തമായി നടത്തിയ ഏകദിന ദേശീയ സെമിനാർ സംസ്ഥാന വികലാംഗ കോർപ്പറേഷൻ ചെയർമാൻ അഡ്വ : പരശുവായ്ക്കൽ പി. മോഹനൻ ഉദ്ഘാടനം ചെയ്യുന്നു. സർവ്വകലാശാല പ്രൊ. വൈസ് ചാൻസിലർ ഡോ : ഷീന ഷുക്കൂർ, ഡോ : മുഹമ്മദ് അഷീൽ, ഡോ : സുരേഖ രാമചന്ദ്രൻ, ഡോ : എം.കെ ജയരാജ്, ഡോ : ഷാജി തോമസ്സ് ജോൺ, രാജശ്രീ എസ്, ഡോ : സജി ജോർജ്ജ്, ഡോ : പി.റ്റി ബാബുരാജ്. റിൻസിജോസഫ് എന്നിവർ സമീപം

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**